പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം.1612 | 03.05.2017 ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

**ഭക്ഷ്യ സുരക്ഷാ വിഭാഗത്തിന്റെ പ്രവർത്തനം**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.പാറക്കൽ അബ്ദുല്ല** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | ഭക്ഷ്യ സുരക്ഷാ വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമല്ലെന്ന റിപ്പോർട്ട് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ) | പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | കൃത്യമായ പരിശോധനയുടെ അഭാവം മൂലം ശുചിയില്ലാത്തതും പഴകിയതും മായം കലർന്നതുമായ ഭക്ഷണ പദാർത്ഥങ്ങളാണ് പലപ്പോഴും ഉപഭോക്താക്കൾക്ക് ലഭിക്കുന്ന തെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; | ബി) | പരിശോധിച്ചിട്ടുണ്ട്.<br>കൃത്യമായ പരിശോധനകൾ നിശ്ചിത ഇടവേള കളിൽ ഭക്ഷ്യ സുരക്ഷാ വകുപ്പ് നടത്താറുണ്ട്. |
| സി) | ഇത് ഭക്ഷ്യവിഷബാധ അടക്കമുള്ള ഗുരുതര മായ ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാവുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ; | സി) | വിലയിരുത്തിയിട്ടുണ്ട്. |
| ഡി) | എങ്കിൽ ഭക്ഷ്യസുരക്ഷാ വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി എന്തൊക്കെ നടപടികൾ കൈക്കൊള്ളും; വിശദാംശങ്ങൾ നൽകുമോ? | ഡി) | ഭക്ഷ്യസുരക്ഷാ വിഭാഗത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി തുടർച്ചയായ പരിശോധനകൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലും ചെക്ക് പോസ്റ്റുകളിലും നടത്തി സാമ്പിളുകൾ ശേഖരിച്ച് ലാബുക ളിൽ അയച്ച് പരിശോധിച്ച് നടപടി സ്വീകരി ക്കാറുണ്ട്.<br>2016-17 സാമ്പത്തിക വർഷത്തിൽ ഭക്ഷ്യസു രക്ഷാ വകുപ്പ് സംസ്ഥാനമൊട്ടാകെ പരിശോ ധന നടത്തി 908 സ്റ്റാറ്റ്യൂട്ടറി സാമ്പിളുകൾ ശേഖരിച്ച് അനലിറ്റിക്കൽ ലാബുകളിൽപരി ശോധിക്കുകയുണ്ടായി. പരിശോധനാ ഫലം വിശകലനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ 58 ഭക്ഷ്യ പദാർത്ഥങ്ങൾ ആരോഗ്യത്തിന് ഹാനികരമാണെന്ന് കണ്ടെത്തി. തുടർന്ന് കുറ്റ |

| | | | |
|---|---|---|---|
| | | | ക്കാർക്കെതിരെ ക്രിമിനൽകേസുകൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതു കൂടാതെ 199 ഭക്ഷ്യവസ്തുക്കൾ ഗുണനിലവാരമില്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇവർക്കെതിരെ ഭക്ഷ്യസുരക്ഷാ നിയമപ്രകാരമുള്ള അഡ്ജുഡിക്കേഷൻ നടപടികൾ തുടങ്ങി.<br>ഇതു കൂടാതെ ഏപ്രിൽ മാസത്തിൽ 161 ഹോട്ടൽ/റെസ്റ്റാറന്റുകൾ പരിശോധന നടത്തി 3 സ്ഥാപനങ്ങൾ അടച്ചുപൂട്ടുകയും 112 സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുമുണ്ട്. 7,62,000/- രൂപ പിഴ ചുമത്തിയിട്ടുണ്ട്.<br>ഇതു കൂടാതെ സംസ്ഥാനത്തെ ബേക്കറി, ജ്യൂസ് സ്റ്റാളുകൾ, ഐസ്ക്രീം പാർലറുകൾ, എല്ലാത്തരം ജ്യൂസുകളും വിൽക്കുന്ന വഴിയോര തട്ടുകടകൾ എന്നിവിടങ്ങളിലും കർശന പരിശോധനകൾ നടത്തി. ഇത്തരം 523 സ്ഥാപനങ്ങൾ പരിശോധന നടത്തിയതിൽ ഗുരുതരമായ നിയമ ലംഘനങ്ങൾ കണ്ടെത്തിയ 7 കടകളുടെ പ്രവർത്തനം നിർത്തിവയ്പ്പിച്ചു. കൂടാതെ 256 കടകൾക്ക് നോട്ടീസ് നൽകി പിഴയിനത്തിൽ 5.5ലക്ഷം രൂപ ചുമത്തുകയും ചെയ്തു.<br>ഇത്തരം പരിശോധനകൾക്ക് ഭക്ഷ്യസുരക്ഷാ വകുപ്പിന് കീഴിലുള്ള 2 മൊബൈൽ ടെസ്റ്റിംഗ് ലാബിന്റെ സേവനവും ഉപയോഗപ്പെടുത്താറുണ്ട്. |

സെക്ഷൻ ഓഫീസർ